**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 688</u>** **<u>06-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ഒളവണ്ണ-ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ഒളവണ്ണയിൽ സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിൽ മുൻ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06-11-2020-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റിയാബ് സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കോഴിക്കോട് ഒളവണ്ണയിൽ സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാർക്ക് ഭാവിയിൽ ശമ്പളഘടനയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് റിയാബ് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചിരുന്നു. ആയതിൻ പ്രകാരം ഒരു റിപ്പോർട്ട് സർക്കാരിൽ ലഭിക്കുകയും, അത് പരിശോധിച്ച് സമർപ്പിക്കുവാൻ സിഡ്കോയ്ക്ക് കൈമാറുകയും ചെയ്തു. സിഡ്കോ ആയത് പരിശോധിച്ച് സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ തലത്തിൽ അവ വിലയിരുത്തി പരിശോധിച്ചു വരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത യോഗത്തിൽ ടൂൾ റൂം ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റ് അനുവദിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടും ഇൻക്രിമെന്റ് കുടിശ്ശിക അനുവദിച്ചു നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇൻക്രിമെന്റ് കുടിശ്ശിക അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | സിഡ്കോയുടെ ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജീവനക്കാരിൽ യോഗ്യരായവർ ആരെന്ന് പരിശോധിച്ച് വാർഷിക ഇൻക്രിമെന്റ് നൽകാൻ 06/11/2020-ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ് അനുവദിച്ചതായി സിഡ്കോ മാനേജിങ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇൻക്രിമെന്റ് കുടിശ്ശിക അനുവദിക്കുന്ന കാര്യത്തിൽ സിഡ്കോ സർക്കാരിനോട് സ്പഷ്ടീകരണം തേടിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | സിഡ്കോയിലെ ജീവനക്കാർക്ക് 01-07-2009 മുതൽ പ്രാബല്യത്തിൽ വന്ന ഒൻപതാം ശമ്പള പരിഷ്കരണം ഒളവണ്ണ ടൂൾ റൂമിലെ പതിനഞ്ച് ജീവനക്കാർക്ക് മാത്രം അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശമ്പള പരിഷ്കരണം പതിനഞ്ച് ജീവനക്കാർക്ക് കൂടി അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | 01-07-2009 മുതൽ പ്രാബല്യത്തിൽ വന്ന ശമ്പള പരിഷ്കരണം ഒളവണ്ണ ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജീവനക്കാർക്ക് അനുവദിച്ചു നൽകുമ്പോൾ ഉണ്ടാകാവുന്ന സാമ്പത്തിക ബാധ്യതയുമായി ബന്ധപ്പെട്ട് കൂടുതൽ സ്പഷ്ടീകരണം സിഡ്കോ സർക്കാരിനോട് ആവശ്യപ്പെട്ടുകയും, സർക്കാർ തലത്തിൽ ഇത് പരിശോധിച്ചു വരികയുമാണ്. എന്നാൽ ടി ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുവാൻ സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനിച്ചതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ഇത് നൽകി വരുന്നതായി സിഡ്കോ മാനേജിങ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് 597/എഫ്2/2016/ വ്യവ. ഫയൽ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | സത്വര നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ